

# ദാരിദ്ര്യം



കൊല്ലം തെൽമ, ടെക്സസ്

**പൊ**ട്ടിയോരോട്ടുകിണ്ണത്തിൽ
പാടകെട്ടിയോരീ പഴംകഞ്ഞിവെള്ളത്തിൽ
ഇത്തിരിവറ്റിനായ് പരതി
പരൽമീനാം വിരലുകൾ..!

ഒട്ടിയവയറുമായ് ഒട്ടുദൂരം അലഞ്ഞിട്ടൊടുവിൽ
കെഞ്ചിക്കെഞ്ചി നീട്ടിയ കൈകളിൽ,
കൈയ്യൊഴിയുവാനായ്
നീക്കിവച്ചുതന്നോരീകിണ്ണത്തിൽ
തെളിയുവതാർത്തിമൂത്ത് മുത്തിക്കുടിക്കുവാൻ
അടുത്തടുത്തണയും മുഖം!
ദൈന്യതയുടെ മുഖം...
ദാരിദ്ര്യത്തിൻ കരിമഷികറുപ്പിച്ച
കുഴിഞ്ഞിരുകണ്ണുകൾ
വിറച്ചുതെളിയും മിന്നാമിനുങ്ങുകൾ!

ഉണ്ടുനിറഞ്ഞവനിനിയുമുണ്ടുണ്ണുവാൻ
തലമുറകളോളം തിന്നുതിമിർക്കുവാൻ...
പിന്നെയും പിന്നെയും വാരിനിറയ്ക്കുന്നു
പിന്നിട്ടവഴിയും മറന്നു രമിക്കുന്നു.
ഇല്ലായ്മക്കാരനു കൂട്ടിനില്ലാരും
കുലമഹിമപോലും പരിഹാസ്യലിഖിതം...

***  ***  ***

നേരിന്റെ വഴിയേ നടപ്പവർ
നാടിന്റെ നന്മയാഗ്രഹിക്കുവോർ
അദ്ധ്വാനശീലർ പ്രബുദ്ധരായുള്ളോർ
നെറ്റിയിലൂറും വിയർപ്പിൻ
വിലയെന്തെന്നറിയുവോർ
നാടിനുമാനം വീടിന്നഭിമാനം...